**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5587** **24-03-2025 - ൽ മറുപടിയ്ക്ക്**

**ടെലി മെന്റൽ ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ എം മുകേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ വർദ്ധിച്ചുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ ഏതൊക്കെയാണെന്നും അവയ്ക്ക് കാരണമാവുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്നും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ലഹരിയുടെ ഉപയോഗവും അതുമൂലമുണ്ടാകുന്ന മാനസിക ആരോഗ്യ പ്രശ്നങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ, ലഹരി ലഭ്യതയിലുണ്ടാകുന്ന വർദ്ധന, കുടുംബ ബന്ധങ്ങളുടെ ശൈഥില്യം, ഡിജിറ്റൽ അടിമത്തം, ഡിജിറ്റൽ ഉപകരണങ്ങളുടെ അമിത ഉപയോഗം എന്നിവ മാനസികാരോഗ്യ പ്രശ്നങ്ങൾ വർദ്ധിച്ച വരുന്നതിന് കാരണമാകുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പഠനങ്ങൾ ആരോഗ്യ വകുപ്പിൽ നടത്തിയിട്ടില്ല. |
| (ബി) | മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വർദ്ധിച്ചുവരുന്ന ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൂടുതൽ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ; | (ബി) | മാനസികരോഗങ്ങൾ പ്രാഥമിക ഘട്ടത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ ചികിത്സയും തുടർചികിത്സയും ഉറപ്പ് വരുത്തുന്ന സാമൂഹ്യ മാനസികാരോഗ്യ (കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത്) ചികിത്സക്കാണ് സർക്കാർ പ്രാമുഖ്യം കൊടുക്കുന്നത്. ഇതിന്റെ ഭാഗമായി 'സമ്പൂർണ്ണ മാനസികാരോഗ്യം', 'ആശ്വാസം', ' അമ്മ മനസ്സ്' ; ജീവരക്ഷ' പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനുപുറമെ 'ടെലി മനസ്സ്' വഴി ടെലി കൗൺസിലിംഗ് ഉൾപ്പടെയുള്ള മാനസികാരോഗ്യ സേവനങ്ങളുടെ സാധ്യതയും പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>ആശമാരുടെ സേവനം ഉപയോഗപ്പെട്ടുത്തി മാനസിക പ്രശ്നങ്ങളും, വൈകല്യങ്ങളും, രോഗങ്ങളും, മദ്യം ഉൾപ്പെടെയുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം ഉള്ളവരെയും കണ്ടെത്തി തൊട്ടടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ (FHC) തന്നെ ചികിത്സയും മറ്റു സേവനങ്ങളും ലഭ്യമാക്കുന്ന പദ്ധതിയായ 'സമ്പൂർണ മാനസികാരോഗ്യം' പദ്ധതി ഗ്രാമപഞ്ചായത്ത് തലത്തിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വഴി രോഗികൾക്ക് |

| | | | |
|---|---|---|---|
| | | | അവരുടെ പഞ്ചായത്തിൽ തന്നെ മനോരോഗ തുടർചികിത്സ ഉറപ്പാക്കുന്നു.<br><br>കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് വർക്കർമാരും, നഴ്സുമാരും PHQ 9 ചോദ്യാവലി ഉപയോഗിച്ച് വിഷാദരോഗ സാധ്യതയുള്ളവരെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ് 'ആശ്വാസം' പദ്ധതി.<br><br>'അമ്മ മനസ്സ്' - മാതൃ മാനസികാരോഗ്യ പരിപാടി മുഖേന ഗർഭിണികളായ സ്ത്രീകൾക്കും, പ്രസവാനന്തരം അമ്മമാർക്കും സ്ക്രീനിംഗിലൂടെ മാനസികാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി ചികിത്സ നൽകി വരുന്നു. ഇതുവഴി ഗർഭിണികളായ സ്ത്രീകളിലും, അമ്മമാരിലും ആത്മഹത്യാനിരക്കും മറ്റ് മാനസികാരോഗ്യ പ്രശ്നങ്ങളും കുറയ്ക്കുവാൻ സാധിക്കുന്നു.<br><br>സംസ്ഥാനത്തെ ആത്മഹത്യാ നിരക്ക് കുറയ്ക്കുവാനായി ആരംഭിച്ച പദ്ധതിയാണ് 'ജീവരക്ഷ' ആത്മഹത്യാ പ്രതിരോധ പദ്ധതി. സമൂഹത്തിൽ ആത്മഹത്യാ പ്രതിരോധത്തിന് ആവശ്യമായ അവബോധം സൃഷ്ടിക്കുക, പരിശീലനം നൽകുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കൂടാതെ ആർദ്രം മിഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>ലഹരി വസ്തുക്കളുടെ ഉപയോഗവും അനുബന്ധ മാനസിക പ്രശ്നങ്ങളും പരിഹരിക്കുവാനുതകുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | ടെലി മെന്റൽ ഹെൽത്ത് പദ്ധതിയുടെ പ്രധാന സേവനങ്ങൾ എന്തൊക്കെയാണ്; ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | മാനസിക പ്രശ്നങ്ങൾക്കും വിഷമതകൾക്കും ഇതുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനും, ടെലി കൗൺസിലിംഗ് ഉൾപ്പെടെയുള്ള മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുവാനും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഓൺലൈൻ സംവിധാനമാണ് 'ടെലി മനസ്സ്' (14416 എന്ന ടോൾഫ്രീ നമ്പറിൽ 24 മണിക്കൂറും സേവനം ലഭ്യമാണ്). മാനസികാരോഗ്യ പരിപാടി വഴി എല്ലാം ജില്ലകളിലും നേരിട്ടുള്ള സേവനം നൽകുന്നതിനായിട്ടുള്ള സംവിധാനം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈകാരികപ്രശ്നങ്ങൾ, പെരുമാറ്റപ്രശ്നങ്ങൾ, ആത്മഹത്യാപ്രവണത, ലഹരി വിമോചന ചികിത്സയുമായി ബന്ധപ്പെട്ട സംശയങ്ങൾ, മാനസിക വിഷമതകൾ എന്നിവയുൾപ്പടെ 27,462 കോളുകൾക്ക് ഇതുവരെയായി ടെലി മനസ്സ് സേവനം നൽകിയിട്ടുണ്ട്. 2022-23 ൽ ദിവസേന 6-10 കോളുകൾ ലഭിച്ചിരുന്നതിൽ നിന്ന് 2024-25 |

| | | | |
|---|---|---|---|
| | | | ആകുമ്പോഴേയ്ക്കും ദിവസേന 35-50 കോളുകളിലേയ്ക്ക് സേവനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, കൗൺസിലിംഗ്, വിവരസേവനം എന്നിവ നൽകുന്ന ദിശ പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ഡി) | കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ മാനസികാരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്താനും കൂടുതൽ ഉൾപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കിടത്തി ചികിത്സ പരമാവധി ഒഴിവാക്കി, മാനസികരോഗങ്ങൾ പ്രാഥമികഘട്ടത്തിൽ തന്നെ കണ്ടെത്തി വിദഗ്ധചികിത്സയും തുടർചികിത്സയും ഉറപ്പ് വരുത്തുന്ന സാമൂഹ്യമാനസികാരോഗ്യ (കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത്) ചികിത്സക്കാണ് സർക്കാർ പ്രാമുഖ്യം കൊടുക്കുന്നത്. ഇതിന്റെ ഭാഗമായി മാനസികാരോഗ്യ പരിപാടിയിൻ കീഴിൽ 'സമ്പൂർണ്ണ മാനസികാരോഗ്യം', 'ആശ്വാസം', 'അമ്മ മനസ്സ്' പദ്ധതികൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ